LIBRARY ARCHIVES Kerala Legislative Assembly

• മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.

• രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

• ഗുണനിലവാരപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

• പൗരാവകാശരേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

• കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

ചെലവഴിച്ച തുകയുടെ വിവരം ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

ക്യാൻസർ, ഡയബറ്റീസ് രോഗങ്ങൾക്കുള്ള ചികിത്സാ ചെലവ്

2 (4805) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ, ഡയബറ്റീസ് രോഗങ്ങൾക്കുള്ള ചികിൽസാ ചെലവ് വളരെ കൂടുതലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ബി) ക്യാൻസർ, ഡയബറ്റീസ് രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില കമ്പനിക്കാർ നിയന്ത്രണമില്ലാതെ കൂട്ടുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത മരുന്നുകൾക്ക് സബ്സിഡി നൽകി വില കുറച്ചുകൊടുക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡയബറ്റിസിനുള്ള ചികിത്സ, കാലാവധിയുടെ ദൈർഘ്യം, ചികിൽസാരീതി എന്നിവയെ ആശ്രയിച്ചാണ് ചെലവ് നിർണ്ണയിക്കപ്പെടുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ എണ്ണത്തിനാനുപാതികമായി സർക്കാർ മേഖലയിൽ ചികിൽസാ സൗകര്യങ്ങൾ ലഭ്യമല്ലായെന്ന

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത, കാൻസർ ചികിത്സാ രീതികളുടെ ഭാരിച്ച സാമ്പത്തിക ബാധ്യത എന്നിവ ഈ രംഗത്ത് ഏറെ വെല്ലുവിളികൾ സൃഷ്ടിക്കുന്നുവെന്ന് ബോധ്യപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് റീജിയണൽ ക്യാൻസർ സെന്ററുകളെ ശക്തിപ്പെടുത്തുകയും പുതിയ ക്യാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ക്യാൻസർ ചികിത്സ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിച്ചു. ക്യാൻസർ ചികിത്സ സൗജന്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ മേഖലയിലെ 8 പ്രധാന ആശുപത്രികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ ആർ.എസ്.ബി.വൈ., ചിസ്സ് പ്ലസ്, താലോലം, ആർ.ബി.എസ്. കെ.കെ തുടങ്ങിയ പദ്ധതികളും കാൻസർ ചികിത്സാ സഹായത്തിനായി നിലവിലുണ്ട്. ക്യാൻസറിന് മറ്റ് ജീവിതശൈലി രോഗങ്ങൾക്കുമായുള്ള മരുന്നുകൾ കെ.എം.എസ്. സി.എൽ ന്റെ ഇ.പി.എൽ-ൽ ഉൾപ്പെടുത്തി ആശുപത്രികൾക്ക് സൗജന്യമായി നൽകിവരുന്നു.

പ്രമേഹ ചികിത്സ സൗജന്യമായി നൽകുന്നതിന്റെ ഭാഗമായി ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതിയായ "അമൃതം ആരോഗ്യം" പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി/സി.എച്ച്.സി/സബ് സെന്റർ എന്നിവിടങ്ങളിൽ ക്ലിനിക്കുകൾ ആരംഭിക്കുകയും പി.എച്ച്.സി തലം വരെ മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്യുന്നു. ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുകയും അതിൽ പരാമർശിച്ചിരിക്കുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2012 ഡിസംബർ 7-ന് നിലവിൽ വന്നിട്ടുള്ള ദേശീയ ഔഷധ വില നിയന്ത്രണ നയം (National Pharmaceutical Pricing Policy 2012) പ്രകാരം കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി 348 ഇനം അവശ്യ മരുന്നുകൾ ക്രോഡീകരിച്ച് National List of Essential Medicines തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ക്യാൻസർ രോഗത്തിനുള്ള 32 മരുന്നുകളും ഡയബറ്റീസിന് ഇൻസുലിൻ ഉൾപ്പെടെയുള്ള 5 മരുന്നുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾ എല്ലാംതന്നെ വിലനിയന്ത്രണ പരിധിയിൽ ഉൾപ്പെടുത്തി അവയുടെ സീലിംഗ് പ്രൈസ് ഘട്ടംഘട്ടമായി

നിശ്ചയിച്ചുറപ്പിച്ചുവരുകയും ചെയ്യ. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള പ്രസ്തുത മരുന്നുകളുടെ വിൽപ്പന വകുപ്പ് നിരന്തരം പരിശോധിക്കുകയും ഉൽപ്പാദകർ പ്രസ്തുത ഉൽപ്പന്നത്തിന് അമിത വില ഈടാക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ടി മരുന്നുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുമുണ്ട്. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. മരുന്നുകളുടെ വിലനിയന്ത്രണത്തിൽ സംസ്ഥാന സർക്കാരിന് അധികാരങ്ങളൊന്നും തന്നെയില്ല. ഡയബറ്റീസിനായി ഔഷധ വില നിയന്ത്രണ അതോറിറ്റി പ്രത്യേകമായി എട്ടിനം മരുന്നുകൾ കൂടി വില നിയന്ത്രണത്തിന് വിധേയമാക്കിയിട്ടുണ്ട്.

(സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയിൽ നിന്നും നേരിട്ട് മരുന്നുകൾ ശേഖരിച്ച് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുവരുന്നുണ്ട്. കൂടാതെ വില നിയന്ത്രണം ഇല്ലാത്ത മരുന്നുകളുടെ അധിക വില കാരണം ചികിത്സാ ചെലവുകൾ താങ്ങാനാവാത്ത സാഹചര്യം നിലവിലുണ്ട്. ആയതിന് ആശ്വാസമേകുന്നതിലേയ്ക്കായി സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മാവേലി മെഡിക്കൽ സ്റ്റോറുകൾവഴി മരുന്നുകളുടെ വില വളരെ കുറച്ച് പാവപ്പെട്ട രോഗികൾക്ക് കൊടുക്കാനുള്ള സൗകര്യം ചെയ്യുവരുന്നു.

സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധന

3 (4806) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത അപാകതകൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly